നം: എച്ച്2/12031/17

വിദ്യാഭ്യാസ ഉപ ഡയറക്ടറാഫീസ്,
തൃശ്ശൂർ, തീയ്യതി : 07/10/2017
Phone:0487-2360810,Email:ddedntsr@gmail.com
Website : www.ddethrissur.org

പ്രേഷിത

വിദ്യാഭ്യാസ ഉപ ഡയറക്ടർ,
തൃശ്ശൂർ.

സ്വീകർത്താവ്

എല്ലാ ജില്ലാ/ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർക്കും.

സർ,

വിഷയം:-പൊ.വിദ്യാ-കേന്ദ്രാവിഷ്കൃതപദ്ധതി-ബേട്ടി ബച്ചാവേ ബേട്ടി പഠാവോ പെൺകുട്ടികളുടെ അന്താരാഷ്ട്രദിനാചരണം-പ്രതിജ്ഞ ചെയ്യുന്നത്-സംബന്ധിച്ച്.

സൂചന:-1) ബഹു. ജില്ല കളക്ടറുടെ ചേംബറിൽ 22.9.2017 തീയ്യതിയിൽ നടന്ന യോഗ തീരുമാനം.

*****

കഴിഞ്ഞ സെൻസസിൽ ഇന്ത്യയിൽ പെൺകുട്ടികളുടെ എണ്ണത്തിൽ കുറവ് അനുപാതം ഉള്ള ജില്ലകളിൽ ബഹു. കേന്ദ്ര സർക്കാർ നടപ്പാക്കി വരുന്ന പദ്ധതിയാണ് “ബേട്ടി ബച്ചാവേ ബേട്ടി പഠാവോ”. കേരളത്തിൽ തൃശ്ശൂർ ജില്ലയിലാണ് പെൺകുട്ടികളുടെ എണ്ണം കുറവ് അനുഭവപ്പെടുന്ന ജില്ല. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നിരവധി കർമ്മപരിപാടികൾ നടന്നു വരുന്നു.

ഒക്ടോബർ 11-ാം തീയ്യതി ഇന്റർ നാഷണൽ ഗേൾ ചൈൽഡ് ഡെ ആയി ആചരിക്കുന്ന ദിവസമാണ്. ഈ ദിവസം “ബേട്ടി ബച്ചാവേ ബേട്ടി പഠാവോ” പദ്ധതിയുമായി ബന്ധപ്പെട്ട് ഒരാഴ്ചത്തെ ഒരു വാരാചരണം ബഹു. കേന്ദ്ര സർക്കാർ നടത്തുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് പെൺകുട്ടികൾക്കുവേണ്ടി പ്രത്യേകം പ്രവർത്തനങ്ങൾ നടത്തുന്ന വിദ്യാലയങ്ങൾക്ക് അവാർഡ് നൽകുന്നതിന് മേൽ സൂചന യോഗത്തിൽ തീരുമാനിച്ചിട്ടുള്ളതാണ്. അതിനാൽ താങ്കളുടെ അധികാര പരിധിയിലെ സർക്കാർ മേഖലയിലുള്ളതും, ചുരുങ്ങിയത് 200 പെൺകുട്ടികളെങ്കിലും പഠിക്കുകയും ചെയ്യുന്ന വിദ്യാലയങ്ങളിൽ പെൺകുട്ടികളുടെ വിദ്യാഭ്യാസവും സാമൂഹികവും സാംസ്കാരികവുമായ ഉയർച്ചക്കുവേണ്ട പ്രവർത്തനങ്ങൾ നടത്തി വരുന്ന വിദ്യാലയങ്ങളുടെ പേര് വിവരം, വിശദമായ റിപ്പോർട്ട് സഹിതം ഒക്ടോബർ 11-ാം തീയ്യതി ഉച്ചയ്ക്ക് 2 മണിക്കുള്ളിൽ ഈ കാര്യാലയത്തിൽ ലഭിക്കുന്ന വിധം സമർപ്പിക്കുവാൻ നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ,
(ഒപ്പ്)
വിദ്യാഭ്യാസ ഉപ ഡയറക്ടർക്കു വേണ്ടി

//അംഗീകാരത്തോടെ//

സൂപ്രണ്ട്.

ഡിവി 7/10

പുറത്തെഴുത്ത് നമ്പർ ആ/PDL/2017 തിയതി 11/10/2017

ഇതിന്റെ പകർപ്പ് എല്ലാ പ്രധാനാധ്യാപകർക്കും അറിവിലേക്കായി നൽകുന്നു. ഇതിൽ പറഞ്ഞിരിക്കുന്ന പ്രകാരം 200 പെൺകുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങളുടെ പേര് വിവരം ഇന്ന് (11.10.17) 12 മണിക്കു മുമ്പായി ഈ കാര്യാലയത്തിൽ വിളിച്ച് അറിയിക്കേണ്ടതാണ്.

ഒപ്പ്. ഉ.വി.ഒ